

ശ്രീനാരായണ കോളേജ്, നാട്ടിക
മാറ്റൊലി
ANNUAL
MAGAZINE
2025-2026





| | |
|---|---|
| Chief Editor | : Dr. Anitha C T |
| Editor | : Vaisagh K |
| Sub Editors | : Ahalya V S<br>Adharsh K S |
| Design & Layout | : Jibin Sivaraman<br>(Bodhi Typograpy) |
| Creative Team | : Akhil Renjan<br>Ahalya V S<br>Adharsh K S<br>Arabhi M A<br>Azad Raj N |
| Photography | : Suryajith T S |
| Writers | : Akhila Pathiyappadikkal<br>Ahalya V S<br>Arabhi M A |
| Cover Design | : Vaisagh K |
| Published by | : യജ്ഞ കോളേജ് യൂണിയൻ<br>Sree Narayana College, Nattika |

ക്ലാസ് മുറികളിൽ
പിറന്ന ചിന്തകൾക്കും
ക്യാമ്പസ് ഇടനാഴികളിൽ
വിരിഞ്ഞ
സൗഹൃദങ്ങൾക്കും,
വേദികളിൽ പിറന്ന
സ്വപ്നങ്ങൾക്കും,
ഓർമ്മകളിൽ എന്നും
മായാതെ നിൽക്കുന്ന
ഈ കലാലയജീവിതത്തിനും,
സ്നേഹപൂർവ്വം
സമർപ്പിക്കുന്നു.

- യജ്ഞ കോളേജ് യൂണിയൻ

# Preface



**Dr CT Anitha**
**Principal**

It gives me immense pleasure to present the college magazine of Sree Narayana College, Nattika. A college magazine is more than a collection of words and pictures; it is a reflection of the creativity, talents, achievements, dreams, and experiences of our vibrant college community.

This magazine brings together the thoughts and expressions of our students and staff, celebrating their literary, artistic, academic, and extracurricular accomplishments. Each contribution represents the enthusiasm, imagination, and dedication that make our college a special place to learn and grow.

As we turn these pages, let us cherish the memories we have created together and appreciate the diverse talents within our campus. May this magazine inspire us to explore new ideas, express ourselves freely, and continue striving for excellence. Every page is a celebration of the enthusiasm, imagination, and hard work of our college family. I sincerely appreciate everyone who contributed their time and creativity to make this publication possible.

May this magazine inspire us to dream boldly, learn continuously, and cherish the wonderful journey of college life. I extend my sincere appreciation to everyone who contributed to the making of this magazine. I hope these pages will remain a treasured record of our college life and the wonderful moments we share.

# സന്ദേശം



**Dr. Babitha B.**
**Staff Advisor**

കലാലയ മാഗസിനെ കലാലയ ജീവിതത്തിന്റെ മുഖപുസ്തകം എന്ന് വിശേഷിപ്പിക്കാം. ജീവിതത്തിലെ ഏറ്റവും മനോഹരമായ കാലഘട്ടങ്ങളിലൂടെ കടന്നുപോകുന്ന വിദ്യാർത്ഥികൾക്ക് കലാലയ ജീവിതം പകർന്നു നൽകുന്നത് അറിവ് മാത്രമല്ല, ജീവിതപാഠങ്ങൾ കൂടിയാണ്. സിലബസ്സിനപ്പുറത്തേക്കുള്ള അറിവന്വേഷണങ്ങളിലേക്ക് കലാലയ കൂട്ടായ്മകൾ പലപ്പോഴും വേദിയാകുന്നു. "മാറ്റൊലി" അത്തരത്തിലുള്ള അന്വേഷണങ്ങളുടെ ഒരു പ്രകമ്പനമാണ്. ഒരു കൂട്ടം വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളിൽ വിരിഞ്ഞ കലാലയ വസന്തം.

ഓർമ്മകളുടെ ഇടനാഴികളിലൂടെ കടന്നുപോകുമ്പോൾ മനസ്സിൽ അവശേഷിക്കുന്ന ചില ശബ്ദങ്ങളുണ്ട് — സൗഹൃദത്തിന്റെ, ചിരിയുടെ, സ്വപ്നങ്ങളുടെ, പ്രതീക്ഷകളുടെ, ചിലപ്പോൾ നൊമ്പരങ്ങളുടെയും. ആ ശബ്ദങ്ങൾക്ക് അക്ഷരരൂപം നൽകാനുള്ള ഒരു ശ്രമമാണ് "മാറ്റൊലി". കലാലയത്തിന്റെ ഇടനാഴികളിൽ മുഴങ്ങുന്ന ചിരികളും ക്ലാസ് മുറികളിലെ ചർച്ചകളും സൗഹൃദക്കൂട്ടായ്മകളുടെ ഊഷ്മളതയും വേദികളിലെ സർഗ്ഗാത്മകതയും ക്യാമ്പസിന്റെ സാമൂഹിക ഇടപെടലുകളും ഈ താളുകളിൽ ഇടം തേടുന്നു. ഇതിലെ ഓരോ രചനയും നാളെയുടെ ശബ്ദമായി മാറട്ടെ .

# MAGAZINE COMMITTEE

Editor



Vaisagh K

Staff Advisor



Dr. Neethu C Subrahmanian

Student Editor



Athul Krishna A Sunith

Member



Ahalya V S

Member



Akhila Pathiyappadikkal

Member



Adharsh K S

Member



Azad Raj N

# ഉടമയിൽ നിന്നും പത്രാധിപരിലേക്ക്



**Vaisagh K**
**Editor**

ഓരോ കലാലയവും നിരന്തരം എഴുതിക്കൊണ്ടിരിക്കുന്ന ഒരു പാഠമാണ്. ക്ലാസ് മുറികൾ അതിലെ അധ്യായങ്ങളാകുമ്പോൾ ഇടനാഴികൾ മുറിഞ്ഞുപോയ വാക്കുകളുടെ അടിക്കുറിപ്പുകളാകുന്നു. ലൈബ്രറിയുടെ ചായംപൂശിയ പടവുകളിൽ സ്മൃതികൾ അടിഞ്ഞുകൂടുമ്പോൾ കലോത്സവവേദികളിൽ സർഗഭാവനയുടെ നിറങ്ങൾ പടരുന്നു. എന്നാൽ യഥാർത്ഥ കലാലയജീവിതം പലപ്പോഴും ഈ അതിരുകൾക്കപ്പുറത്താണ് വിരിയുന്നത്. സൗഹൃദങ്ങളിൽ,സംഭാഷണങ്ങളിൽ, വിയോജിപ്പുകളിൽ, സർഗാത്മകമായ അസ്വസ്ഥതകളിൽ.. അങ്ങനെയെങ്കിൽ ഒരു കോളേജ് മാഗസിൻ എന്താണ്? ഒരു കലാലയകാലത്തിന്റെ ഓർമ്മകൾ കൂടുകൂട്ടിയ അക്ഷരപ്പുരയോ? അതോ, കാലത്തെ പൂർണമായി രേഖപ്പെടുത്താൻ കഴിയില്ലെന്ന തിരിച്ചറിവിന്റെ മഷിപ്പാടോ ? അറിവിന്റെ ഏകപക്ഷീയമായ കൈമാറ്റമാണ് വിദ്യാഭ്യാസമെന്ന വിശ്വാസത്തെ കാലം തുടച്ചുകളഞ്ഞിരിക്കുന്നു. സംവാദം, അനുഭവം, അന്വേഷണം, വിമർശനം എന്നിവയിലൂടെ നിരന്തരം രൂപപ്പെടുന്ന ഒന്നാണത്. പാഠപുസ്തകത്തിന്റെയും ക്ലാസ് മുറിയുടെയും അറ്റത്ത് ഒതുങ്ങുന്ന ഏകദിശാപ്രവാഹമല്ല അറിവ്. ഒരു ചോദ്യം ഉയർത്തുന്ന വിദ്യാർത്ഥി അറിവിനെ പുതുക്കിയെഴുതുന്നുണ്ട്; കവിതയിലൂടെ അനുഭവങ്ങൾക്ക് പുതിയ ഭാഷ നൽകുന്ന കവിയും, ചിത്രത്തിലൂടെ പ്രകൃതിക്ക് പുതിയൊരു ദൃശ്യഭാഷ നൽകുന്ന കലാകാരനും, സ്വീകാര്യമായ ആശയങ്ങളെ ചോദ്യംചെയ്ത് വിയോജിപ്പിന്റെ മറ്റൊരു സാധ്യത തുറക്കുന്നയാളും ഇതേ അറിവുല്പാദനത്തിന്റെ കണ്ണിയാണ്. ഈ ബഹുസ്വരതയുടെ ഭൂമികയിലാണ് ഒരു ക്യാമ്പസ് മാഗസിൻ പ്രസക്തമാകുന്നത്. അതുകൊണ്ട് ഈ താളുകൾ സർഗാത്മകതയുടെ പ്രദർശനശാല മാത്രമാകേണ്ടതില്ല. അത് സംവാദങ്ങൾ പിറവിയെടുക്കുന്ന ഇടങ്ങളാകണം, സ്ഥാപിതമായ അർത്ഥങ്ങളെ പുനർവിചാരണയ്ക്ക് വിധേയമാക്കുന്ന ഇടങ്ങൾ, പരിചിതമായ കാഴ്ചകളിൽ അപരിചിതമായ അർത്ഥങ്ങൾ കണ്ടെത്തുന്ന ഇടങ്ങൾ, ഒരു തലമുറയ്ക്ക് കാലത്തോട് ചോദ്യങ്ങൾ ഉന്നയിക്കാനും അതിന്റെ ഉത്തരങ്ങളെ വീണ്ടും ചോദ്യംചെയ്യാനും കഴിയുന്ന ഇടങ്ങൾ.ഈ താളുകളിൽ മഷിയണിഞ്ഞ ഓരോ അക്ഷരവും പുതിയ ആകാശങ്ങളിലേക്ക് ചിറകുവിരിക്കട്ടെ.

# College Union 2025-26

Chairman



Akhil Renjan

ViCe chairperson



Arabhi M A

General secretary



Milan E S

Joint secretary



Malavika Shine

General captain



Alsabith M

Magazine Editor



Athul Krishna A Sunith

Fine arts secretary




Nasla Shifa C

UUC



Najeem Arshad K

UUC



Avani P G

1st Dc Representative



Ahalya V S

2nd Dc Representative



Sreelakshmi E

3rd Dc Representative



Aswani P

# Association Secretaries

Botany



Archana K U

Chemistry



Arathy

Commerce



Adithya A S

Malayalam



Rhigved N S

Zoology



Nafeesathul Missreya

statistics



Adhilakshmi A



# പാർത്ഥിവ്

## അണയാത്തൊരു സ്മരണ...

ചില സാന്നിധ്യങ്ങൾ അങ്ങനെയാണ്... അവ നമ്മെ വിട്ടുപിരിയുമ്പോഴാണ്, ആ ആത്മബന്ധം എത്രത്തോളം ആഴമുള്ളതായിരുന്നുവെന്ന് നാം തിരിച്ചറിയുന്നത്. കലാലയത്തിന്റെ വർണ്ണശബളമായ നാളുകളിൽ, ഒരുമിച്ച് പങ്ക് വെച്ച ചിരികളും, സൗഹൃദത്തിന്റെ നന്മ നിറഞ്ഞ നിമിഷങ്ങളും ഇന്നിതാ മനോഹരമായ ഓർമ്മച്ചെപ്പുകളായി മാറിയിരിക്കുന്നു. ആ ഓർമ്മകളിൽ പാർത്ഥിവിന്റെ പുഞ്ചിരിക്കുന്ന മുഖം എന്നും മായാതെ നിൽക്കും.
കാലം പ്രവഹിച്ചുകൊണ്ടിരിക്കുമ്പോഴും, ചില സ്മരണകൾക്ക് കാലത്തിന് മായ്ക്കാൻ കഴിയാത്ത തെളിച്ചമുണ്ട്. നമ്മുടെ കലാലയത്തിന്റെ തിരുമുറ്റത്തും, സഹപാഠികളുടെ ഹൃദയതന്ത്രുക്കളിലും പാർത്ഥിവ് എന്നും സ്നേഹത്തോടെ വസിക്കും.
പ്രിയപ്പെട്ടവനേ, നിനക്ക് പ്രണാമം...
ഓർമ്മകളിൽ നീ എന്നും ജീവിക്കും.




# Union day

വിദ്യാർത്ഥി കൂട്ടായ്മയുടെയും ആഘോഷങ്ങളുടെയും നിറവിൽ യജ്ഞ കോളേജ് യൂണിയന്റെ യൂണിയൻ ഡേ കോളേജിൽ അരങ്ങേറി. ഡോ. നിധിന്യ പി. ഉദ്ഘാടനം നിർവഹിച്ചതോടെ ആരംഭിച്ച ആഘോഷങ്ങൾക്ക് സംഗീതത്തിന്റെയും നൃത്തത്തിന്റെയും ആവേശം പകർന്നത് മന്യൻന്റെ DJ Foam Party ആയിരുന്നു.

സംഗീതത്തിന്റെ താളത്തിനൊത്ത് ചുവടുവെച്ചും നുരകളുടെയും നിറങ്ങളുടെയും ആഘോഷത്തിൽ പങ്കുചേർന്നും വിദ്യാർത്ഥികൾ ദിനത്തെ ആവേശഭരിതമാക്കി. സൗഹൃദവും സന്തോഷവും ഒരുമിച്ചുചേർന്ന ആ ആഘോഷം കോളേജിനെ നിറച്ചപ്പോൾ, യൂണിയൻ ഡേ വിദ്യാർത്ഥികളുടെ ഓർമ്മകളിൽ മറ്റൊരു മനോഹര അധ്യായമായി മാറി.



# Christmas celebration

നക്ഷത്രവെളിച്ചത്തിൽ കോളേജ് ഉത്സവമണിഞ്ഞപ്പോൾ, സൗഹൃദത്തിന്റെയും സന്തോഷത്തിന്റെയും നിറങ്ങളിൽ ക്രിസ്മസ് ആഘോഷമായി മാറി. ആഘോഷത്തിന് മാറ്റുകൂട്ടി ബാൻഡ് സെറ്റ് കോളേജിൽ അരങ്ങേറിയപ്പോൾ, താളത്തിനൊത്ത് ചുവടുവെച്ചും പാട്ടുപാടിയും വിദ്യാർത്ഥികൾ ആഘോഷത്തെ കൂടുതൽ ആവേശഭരിതമാക്കി. സ്നേഹത്തിന്റെയും പങ്കുവെക്കലിന്റെയും ഒരുമയുടെയും സന്ദേശം പകർന്ന ആ ദിവസം, കോളേജ് ജീവിതത്തിലെ മനോഹരമായൊരു ക്രിസ്മസ് ഓർമ്മയായി മാറി.

വിദ്യാർത്ഥികളുടെ
ശബ്ദത്തിനും
അവകാശങ്ങൾക്കും
പ്രതീക്ഷകൾക്കും
നേതൃത്വം
നൽകാനുള്ള
ഉത്തരവാദിത്വം
ഏറ്റെടുത്ത്, യജ്ഞ
കോളേജ് യൂണിയൻ
സത്യപ്രതിജ്ഞ
ചെയ്ത്
അധികാരമേറ്റു.”





വിജയത്തിന്റെ ആവേശം ക്യാംപസിനെ കീഴടക്കിയ ദിനം. കോളേജ് ഡേയുടെ നിറപ്പകിട്ടിനൊപ്പം കോളേജ് യൂണിയന്റെ നേതൃത്വത്തിൽ അരങ്ങേറിയ വിക്ടറി ആഘോഷം വിദ്യാർത്ഥികളുടെ ആവേശത്തിന്റെയും കൂട്ടായ്മയുടെയും വേദിയായി.

**താളമേളങ്ങളും ആർപ്പുവിളികളും നിറഞ്ഞ ആ ആഘോഷനിമിഷങ്ങൾ ക്യാമ്പസിന്റെ ഓർമ്മകളിൽ എന്നും മായാതെ നിലനിൽക്കും**










Dzone Mohiniyattam
A Grade

**T R Thejel**
Commerce




# Valentines Day Celebration

പ്രണയത്തിന് ഒരു കത്ത്...
പ്രണയത്തിന്റെ നിറങ്ങളും
സൗഹൃദത്തിന്റെ ചിരികളും
നിറഞ്ഞൊരു വാലന്റൈൻസ്
ഡേ. സ്നേഹം തുറന്നുപറയാൻ
മടിച്ച വാക്കുകൾക്ക് ഇടം നൽകി,
ഹൃദയത്തിൽ ഒളിപ്പിച്ച വിശേഷങ്ങൾ
കത്തുകളായി കൈമാറാൻ ഒരു "Love
Letter Box" ഒരുക്കിയപ്പോൾ കോളേജ്
തന്നെ പ്രണയത്തിന്റെ ചെറിയൊരു
ഇടമായി മാറി. സൗഹൃദത്തിനും
പ്രണയത്തിനും ഒരുപോലെ
ഇടം നൽകിയ ആ ദിവസത്തിൽ,
സിനിമയുടെ വെള്ളിത്തിരയിലും
ആഘോഷത്തിന്റെ നിറങ്ങൾ പകർന്നു.
ചിരികളും കത്തുകളും ഓർമ്മകളും
സമ്മാനിച്ച ആ വാലന്റൈൻസ് ഡേ
കോളേജ് ജീവിതത്തിലെ മറ്റൊരു
മനോഹര അധ്യായമായി.

# ഇഫ്താർ
## ഒരുമയുടെ സായാഹ്നം

നോമ്പിന്റെ
ആത്മീയതയും
പങ്കുവെക്കലിന്റെ
സന്തോഷവും
സൗഹൃദത്തിന്റെ
ഊഷ്മളതയും
ഒരുമിച്ചുചേർന്നൊരു
സായാഹ്നം.
വ്യത്യാസങ്ങൾക്കപ്പുറം
ഒരുമിച്ച് ഇരുന്ന് ഭക്ഷണം
പങ്കിട്ടും വിശേഷങ്ങൾ
പങ്കുവെച്ചും കോളേജ്
ഇഫ്താർ സംഗമത്തിന്
സാക്ഷിയായി.
മതസൗഹാർദ്ദത്തിന്റെയും
സാഹോദര്യത്തിന്റെയും
സന്ദേശം പകരുന്ന ഈ
ഒത്തുചേരൽ, മനുഷ്യരെ
ചേർത്തുനിർത്തുന്ന
സ്നേഹത്തിന്റെ
മനോഹരമായൊരു
വേദിയായി.





# നിറങ്ങൾക്കപ്പുറം ഒരുമ

നിറങ്ങൾ ചാലിച്ചും ചിരികൾ പങ്കുവെച്ചും സൗഹൃദത്തിന്റെ അതിരുകൾ വിശാലമാക്കിയും കോളേജ് ഹോളിയെ വരവേറ്റു. വ്യത്യസ്ത നിറങ്ങൾ ഒരുമിച്ച് ചേരുമ്പോൾ പിറക്കുന്ന മനോഹാരിത പോലെ, വ്യത്യസ്തരായ വിദ്യാർത്ഥികൾ ഒരുമിച്ച് ആഘോഷിച്ചപ്പോൾ കോളേജ് നിറങ്ങളുടെ ആഘോഷവേദിയായി. പാട്ടും നൃത്തവും കളിയുമായി നിറഞ്ഞ ആ ദിനം, സൗഹൃദത്തിന്റെയും ഒരുമയുടെയും സന്ദേശം പകർന്നുകൊണ്ട് നിറപ്പകിട്ടോടെ കടന്നുപോയി.












SN COLLEGE
NATTIKA
Sree Narayana College Nattika


NATTIKA
Sree Narayana College Nattika









# World Cup Fans show

ഫുട്ബോൾ ആവേശത്തിൽ കോളേജ് ലോകകപ്പിന്റെ ആവേശം ക്യാമ്പസിലേക്കെത്തിയപ്പോൾ, നിറങ്ങളും പാട്ടുകളും ആർപ്പുവിളികളും കൊണ്ട് കലാലയം ഒരു ഫുട്ബോൾ മൈതാനമായി മാറി. രാജ്യങ്ങളുടെ ജേഴ്സിയണിഞ്ഞും കൊടികളേന്തിയും പ്രിയപ്പെട്ട ടീമുകൾക്കായി ഒരുമിച്ച് ശബ്ദമുയർത്തിയും വിദ്യാർത്ഥികൾ ആഘോഷത്തിൽ പങ്കുചേർന്നു. കളിക്കളത്തിന് പുറത്തും ഫുട്ബോൾ ആവേശത്തിന് അതിരുകളില്ലെന്ന് തെളിയിച്ച ഈ ഫാൻ ഷോ, കോളേജിന്റെ ഓർമ്മകളിൽ നിറമുള്ളൊരു അധ്യായമായി.




# നീതിക്കായുള്ള ശബ്ദം

വിദ്യാർത്ഥികളുടെ ആശങ്കകളും ആവശ്യങ്ങളും ഉന്നയിച്ച്, നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നീതിയും സുതാര്യതയും ആവശ്യപ്പെട്ട് ക്യാമ്പസിൽ പ്രതിഷേധം സംഘടിപ്പിച്ചു. പ്ലക്കാർഡുകളും മുദ്രാവാക്യങ്ങളും ഉയർത്തി വിദ്യാർത്ഥികൾ തങ്ങളുടെ നിലപാടുകൾ രേഖപ്പെടുത്തി. “We Need Justice, Not Sympathy” എന്ന സന്ദേശമുയർത്തിയ ഈ പ്രതിഷേധം, നീതിക്കും സുതാര്യതയ്ക്കുമായി വിദ്യാർത്ഥികൾ ഉയർത്തിയ ശബ്ദത്തിന്റെ പ്രതിഫലനമായി.





# സ്വാഗതമേ ഇതിലേ... ഇതിലേ...

അപരിചിതമായ മുഖങ്ങളിൽ നിന്ന് പരിചിതമായ സൗഹൃദങ്ങളിലേക്കുള്ള ആദ്യ ചുവടുകൾ. പുതിയ സ്വപ്നങ്ങളും പ്രതീക്ഷകളും മനസ്സിലേറ്റി കോളേജിലെത്തിയ പുതുമുഖങ്ങളെ സ്നേഹവും സന്തോഷവും നിറച്ച് വരവേറ്റ ദിനമായിരുന്നു ഫ്രഷേഴ്സ് ഡേ. പരിചയപ്പെടലുകളും പാട്ടും നൃത്തവും ചിരികളും ഒത്തുചേർന്നപ്പോൾ, പുതിയ സൗഹൃദങ്ങൾക്ക് തുടക്കമിട്ട് കോളേജ് ജീവിതത്തിലെ മറ്റൊരു അധ്യായം തുറന്നു.













# ഓണാഘോഷം

ഓണം എന്നത് ഒരുമയുടെയും സമത്വത്തിന്റെയും പങ്കുവെക്കലിന്റെയും ആഘോഷമാണ്. ആ ഒരുമയുടെ സന്ദേശം ഉൾക്കൊണ്ട്, വിദ്യാർത്ഥികൾ ഒരുമിച്ചുചേർന്ന് ക്യാമ്പസിൽ ഓണാഘോഷം സംഘടിപ്പിച്ചു. പൂക്കളത്തിന്റെ നിറങ്ങൾക്കൊപ്പം സൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും നിറങ്ങൾ കൂടി ചേർന്നപ്പോൾ, ഈ ഓണം വിദ്യാർത്ഥി ഐക്യത്തിന്റെ മനോഹരമായ ഓർമ്മയായി മാറി.



കോളേജിലെ തിരക്കുകൾക്കിടയിൽ സംഗീതത്തിനായി ഒരുമിച്ചുകൂടിയ ശബ്ദങ്ങളുടെ സംഗമമായിരുന്നു പാട്ടുകൂട്ടം. വേദിയുടെ ഔപചാരികതകളില്ലാതെ, പാടാൻ ഇഷ്ടമുള്ള ഓരോ ശബ്ദത്തിനും കേൾക്കാൻ ആഗ്രഹിക്കുന്ന ഓരോ മനസ്സിനും ഒരുപോലെ ഇടം നൽകിയൊരു സംഗീതസായാഹ്നം. പരിചിതമായ പാട്ടുകൾക്കൊപ്പം പുതിയ ഈണങ്ങളും ശബ്ദങ്ങളും കോളേജിൽ നിറഞ്ഞപ്പോൾ, ഓരോ പാട്ടും ഓരോ സൗഹൃദത്തിന്റെയും ഓർമ്മയായി മാറി.

ഗാനങ്ങൾ പാടിയും കേട്ടും കൈയടിച്ചും ഒരുമിച്ച് ആസ്വദിച്ചും വിദ്യാർത്ഥികൾ പങ്കുവെച്ച നിമിഷങ്ങൾ പാട്ടുകൂട്ടത്തെ ഒരു പരിപാടിയെന്നതിലുപരി, കോളേജിന്റെ സ്വന്തം സംഗീതക്കൂട്ടായ്മയാക്കി. വ്യത്യസ്ത ശബ്ദങ്ങൾ ഒരേ ഈണത്തിൽ ചേരുമ്പോൾ പിറക്കുന്ന ആ മനോഹാരിത, കോളേജ് ജീവിതത്തിന്റെ സ്വതന്ത്രവും സൗഹൃദപൂർണ്ണവുമായ മറ്റൊരു മുഖം കൂടി തുറന്നുകാട്ടി.

## പാട്ടുകൂട്ടം
ഈണങ്ങളിൽ ചേരുന്നൊരു കൂട്ടായ്മ





# ലോകസിനിമാ കാഴ്ചകളുടെ വേറിട്ട തിരശ്ശീല; ശ്രദ്ധേയമായി 'റേവ്'

-അഖില പതിയപ്പടിക്കൽ

ലോകോത്തര ക്ലാസിക് സിനിമകൾ കാണാനും പഠിക്കാനും ചർച്ച ചെയ്യാനും വിദ്യാർഥികൾക്കായി വേറിട്ടൊരു ഇടമൊരുക്കുകയാണ് കോളേജിലെ 'റേവ്' (THE RAVE - Room for Audio Visual Expressions) മിനി തിയേറ്റർ. സിനിമയെ കേവലം വിനോദോപാധിയായി കാണുന്നതിനപ്പുറം ഗൗരവമുള്ള കലാമാധ്യമമായി സമീപിക്കാനും വിദ്യാർഥികളിൽ മികച്ച ചലച്ചിത്രാഭിരുചിയും ചലച്ചിത്രാവബോധവും വളർത്താനുമാണ് റേവ് ലക്ഷ്യമിടുന്നത്. മികച്ച ലോക-ഇന്ത്യൻ സിനിമകളുടെ പ്രദർശനങ്ങൾക്കൊപ്പം ചലച്ചിത്ര സംവാദങ്ങൾ, പരിശീലന പരിപാടികൾ എന്നിവയ്ക്കും റേവ് വേദിയാകുന്നു. സിനിമയുടെ സാങ്കേതികവും സൗന്ദര്യശാസ്ത്രപരവുമായ തലങ്ങൾ അടുത്തറിയാനും ചിത്രീകരണം, അഭിനയം, ഛായാഗ്രഹണം, എഡിറ്റിങ് തുടങ്ങിയ നിർമാണ കലയുടെ വിഭിന്ന മേഖലകളെ പഠിക്കാനും വിലയിരുത്താനും കഴിയുന്ന തുറന്ന 'സിനിമാമുറി' എന്ന നിലയിലാണ് റേവ് പ്രവർത്തിക്കുന്നത്.

മലയാളവിഭാഗം അസിസ്റ്റന്റ് പ്രൊഫസറും കോളേജ് ഫിലിം ക്ലബ് കോർഡിനേറ്ററുമായ വൈശാഖ് ജോജന്റെ ആശയത്തിൽ നിന്നാണ് റേവ് ജന്മംകൊണ്ടത്. കോളേജ് മാനേജ്മെന്റിന്റെ പൂർണ

പിന്തുണയ്ക്കൊപ്പം മുൻ പ്രിൻസിപ്പൽ ഡോ. ജയ പി. എസ്, റൂസ (RUSA) കോർഡിനേറ്റർ ഡോ. അനഭ ഇ. ആർ., ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ സിജി നരേന്ദ്രൻ എന്നിവരുടെ സഹകരണവും സംരംഭം യാഥാർഥ്യമാക്കുന്നതിൽ നിർണായകമായി. റൂസ(RUSA) ധനസഹായത്തോടെയാണ് മിനി തിയേറ്ററിന് ആവശ്യമായ സാങ്കേതിക ഉപകരണങ്ങൾ സജ്ജീകരിച്ചത്. ദൃശ്യാവിഷ്കാരത്തിനായി ഉയർന്ന റെസലൂഷനിലുള്ള സ്ക്രീനും അത്യാധുനിക ഡോൾബി അറ്റ്മോസ് ശബ്ദസംവിധാനവും ഉൾപ്പെടെയുള്ള സാങ്കേതിക സൗകര്യങ്ങളാണ് റേവിൽ വിദ്യാർഥികൾക്കായി സജ്ജീകരിച്ചത്.
വിദ്യാർഥികൾക്കിടയിൽ കാഴ്ചയുടെ പുതിയൊരു സംസ്കാരം രൂപപ്പെടുത്താനും റേവിന് ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. സിനിമ കാണുക എന്നതിനപ്പുറം അതിന്റെ വ്യാകരണവും സാങ്കേതികതയും സൗന്ദര്യശാസ്ത്രവും തിരിച്ചറിയുകയും വിമർശനാത്മകമായി വിലയിരുത്തുകയും ചെയ്യുന്ന ചലച്ചിത്രാസ്വാദനരീതിയാണ് ഇവിടെ പ്രോത്സാഹിപ്പിക്കുന്നത്.

പത്മരാജൻ റെട്രോസ്പെക്ടീവ് ചലച്ചിത്രോത്സവവും DBT - STAR ധനസഹായത്തോടെ സംഘടിപ്പിച്ച ശാസ്ത്ര ചലച്ചിത്രോത്സവവും റേവിന്റെ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ്. ഇവ വിദ്യാർഥികൾക്ക് വേറിട്ട ചലച്ചിത്രാനുഭവങ്ങളായി മാറി. ബാറ്റിൽഷിപ്പ് പൊട്ടംകിൻ, നാനൂക്ക് ഓഫ് ദ നോർത്ത്, പെലെ: ബർത്ത് ഓഫ് എ ലെജൻഡ്, ഗട്ടാക, വാൾ-ഇ, ഇന്റർസ്റ്റെല്ലാർ, ദ മാർഷ്യൻ, കളിയാട്ടം, ഭ്രമയുഗം തുടങ്ങി ലോക–ഇന്ത്യൻ സിനിമയിലെ ശ്രദ്ധേയമായ നിരവധി ചിത്രങ്ങൾ ഇതിനോടകം റേവിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.
ആഴ്ചയിൽ ഒരു ദിവസം ഫിലിം ക്ലബ്ബിലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ ഓപൺ ഫിലിം സ്ക്രീനിങ്ങും സംഘടിപ്പിച്ചുവരുന്നു. സിനിമ തിരഞ്ഞെടുക്കുന്നതു മുതൽ പ്രദർശനവും തുടർന്നുള്ള ചർച്ചകളും വരെ വിദ്യാർഥികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിലാണ് പരിപാടികൾ ക്രമീകരിക്കുന്നത്. ചലച്ചിത്ര പ്രദർശനങ്ങളിൽ മാത്രം ഒതുങ്ങാതെ വിദ്യാർഥികളുടെ പ്രായോഗികവും സർഗാത്മകവുമായ കഴിവുകൾ വളർത്തുന്നതിനുള്ള പരിശീലനകേന്ദ്രമായും റേവ് മാറിയിട്ടുണ്ട്. ഫിലിം എഡിറ്റിങ്, തെയ്യം–തിറ തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർഥികൾക്ക് പരിശീലനം നൽകുന്ന ആഡ് ഓൺ കോഴ്സുകളും റേവ് കേന്ദ്രീകരിച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

വിദ്യാർഥികൾ കാണാനും വിലയിരുത്താനും ആഗ്രഹിക്കുന്ന സിനിമകൾ അവരുടെ ഒഴിവുവേളകളിൽ റേവിൽ പ്രദർശിപ്പിക്കുന്ന രീതിയാനുള്ളത്. ഇത് അവരുടെ സർഗാത്മകപ്രവർത്തനങ്ങൾക്ക് ഉണർവേകുന്നതാണ്.

ലോകസിനിമയെ ക്യാംപസിന്റെ ദൈനംദിന പഠനാന്തരീക്ഷത്തിന്റെ ഭാഗമാക്കിക്കൊണ്ട്, കാഴ്ചയിൽ നിന്ന് പഠനത്തിലേക്കും പഠനത്തിൽ നിന്ന് സർഗാത്മകതയിലേക്കും വിദ്യാർഥികളെ നയിക്കുന്ന ഒരു ചലച്ചിത്രയിടമായി ‘റേവ്’ വളരുകയാണ്.



Kabaddi team 2025-26
Kabaddi interzone second position



cricket team 2025-26
interzone fourth position



Football team 2025-26
Entered to top eight D zone


राष्ट्रीय सेवा योजना
NATIONAL SERVICE SCHEME
NOT ME BUT YOU


SREE NARAYANA COLLEGE
NATTIKA



Agna vs
1st year mcom

# മായക്കണ്ണാടി

മായക്കണ്ണാടി ട്രെയിനിന്റെ കൂകിവിളി കേട്ടാണ് കണ്ണ് തുറന്നത്. പുറത്തേക്ക് നോക്കിയപ്പോൾ പാലക്കാട് എത്തിയിട്ടുണ്ട്. കണ്ണുകളിൽ വീണ്ടും ഓർമ്മകൾ തിരയിളകി. അവ അമർത്തി തുടച്ചുകൊണ്ട് ബാഗുകൾ തപ്പിപ്പിടിച്ചെടുത്തു. അത് എല്ലാമെടുത്ത് ട്രെയിനിറങ്ങി പ്ലാറ്റ്ഫോമിൽ എത്തിയപ്പോൾ പതിവുപോലെ അച്ഛനുണ്ട്. ശ്വാസം വലിച്ചുവിട്ട് ഒരു ചിരി അണിഞ്ഞ് അച്ഛനിലേക്ക് ഓടിയടുക്കുമ്പോൾ വീണ്ടും ആ ബാല്യത്തിലേക്ക് മടങ്ങിയെത്തിയെന്നു തോന്നി. അച്ഛന്റെ വിശേഷം പറയലിന് മറുപടി പറഞ്ഞ് വീട്ടിലെത്തിയതേ അറിഞ്ഞില്ല. ഉമ്മറത്ത് തന്നെ അമ്മയും ചങ്കും നിൽക്കുന്നുണ്ട്. മെലിഞ്ഞുപോയി, കോലം കെട്ടു നിൽക്കുന്നു എന്ന അമ്മയുടെ പരാതിക്ക് ചിരി നൽകിക്കൊണ്ട് എന്റെ ലോകത്തേക്ക്. ഒരു വർഷത്തിന്റേതായ ഒരു മാറ്റവും ഇല്ലാത്ത എന്റെ ലോകം. കുളിച്ചിറങ്ങി കണ്ണാടിക്ക് മുന്നിൽ വന്നപ്പോഴുള്ള എന്റെ മുഖം ഞാൻ വീണ്ടും വീണ്ടും നോക്കി. ഓർമ്മകൾ വീണ്ടും തലദിവസത്തേക്ക് പോയി. അന്ന് കണ്ണാടിയിൽ കണ്ട തന്നെ നോക്കി സ്വയം പല്ലിളിക്കുന്ന തന്റെ മുഖം. അത് മാഞ്ഞ് നിറചിരിയോടെ നിഷ്കളങ്കമായ ലോകത്ത് ജീവിച്ച താൻ കണ്ടിട്ടും മതിവരാതെ വീണ്ടും വീണ്ടും ഞാൻ അതിൽ നോക്കി ചിരിച്ചു. ഒപ്പം തലേന്ന് ഞാൻ ഉരിഞ്ഞുടച്ച കണ്ണാടിയിൽ നിന്ന് പുതിയ കാലിലെ മുറിവ് മാറ്റി കെട്ടി. ഓർമ്മകളിലേക്ക് ഇനിയൊരു തിരിഞ്ഞു നോട്ടം ഇല്ലെന്ന് തീരുമാനിച്ചതാ...: അല്ലെങ്കിലും തിരിഞ്ഞുനോക്കിയാലും ഗുണമുള്ളതൊന്നും അതിൽ ഇല്ല. പക്ഷെ അവയെല്ലാം വീണ്ടും മറന്ന് ഞാൻ ഓർമ്മകളിലേക്ക് ചേക്കേറി. അച്ഛനോടും അമ്മയോടും



എല്ലാം തുറന്നു പറഞ്ഞാലോ
എന്നാലോചിച്ചതാണ്.
പിന്നെ തോന്നി വേണ്ടെന്ന്.
അല്ലെങ്കിലും എന്താണ്
ഞാൻ പറയുക. അച്ഛന്റെയും
അമ്മയുടെയും ലാളനകൾ
ഏറ്റുവാങ്ങി ജീവിച്ച ഞാൻ.
ലോകത്തിന്റെ കപടതകൾ
അറിയാതെ ജീവിച്ച്
മായക്കണ്ണാടിയുമായി
തന്റെ മുന്നിൽ വന്നവനെ
വിശ്വസിച്ചവളാണ് ഞാൻ.
ഒടുവിൽ തന്റെ ആത്മാർത്ഥ
സൗഹൃദവും അയാളും തന്നെ
ചതിച്ചതറിഞ്ഞ് തകർന്നവൾ.
ഒടുവിൽ മരണത്തിനു
മുഖാമുഖം നിൽക്കുമ്പോൾ
ഒരു ഫോൺകോൾ വഴി വന്ന
അച്ഛന്റെ ശബ്ദം എനിക്ക്
ഏറ്റവും വിലപ്പെട്ട തന്റെ
ലോകം ഇവിടെ തന്നെ കാത്തു
നിൽക്കുന്നുണ്ടെന്ന ബോധം
എനിക്ക് വന്ന നിമിഷം,
അതായിരുന്നു എന്നെ
ഇവിടെ കൊണ്ടെത്തിച്ചത്.
ആ നഗരവുമായുള്ള എല്ലാ
ബന്ധങ്ങളും അവസാനിപ്പിച്ച്
ഇവിടേക്ക് എത്താൻ
വല്ലാത്തൊരു ധൃതിയായിരുന്നു.
എന്തുകൊണ്ടോ ആ
ഓർമ്മകളിൽ കണ്ണുനിറഞ്ഞില്ല.
പെട്ടെന്നാണ് വാതിലിൽ ഒരു
മുട്ട്. മോളെ അച്ഛനാണ്. ഞാൻ
വേഗം വാതിൽ തുറന്നു. അച്ഛൻ
അകത്തുകയറി കട്ടിലിൽ
ഇരുന്നു. എന്നെ കൈകാട്ടി
അടുത്തേക്ക് വിളിച്ചു. ഞാൻ... :
അടുത്തിരുന്നപ്പോൾ എന്റെ
തലയിൽ തലോടി
എന്തിനാ എന്റെ കുട്ടി
സങ്കടപ്പെടണേ, ഒന്നും
ഓർക്കണ്ടട്ടോ. അതൊക്കെ
മാറിക്കോളൂ എന്റെ കുഞ്ഞ്
എപ്പോഴും സന്തോഷത്തോടെ
ഇരിക്കണം കേട്ടോ എന്ന്
പറഞ്ഞ് ചേർത്തുപിടിച്ചു.
തിരിഞ്ഞുനടക്കുമ്പോഴേക്കും,
വേഗം വാ അമ്മ അവിടെ
നിനക്കിഷ്ടപ്പെട്ട പലഹാരം
ഉണ്ടാക്കിയിട്ടുണ്ട്, എന്ന് പറഞ്ഞ്
വാതിൽ ചാരി
എല്ലാം കേട്ടപ്പോൾ എന്റെ
കണ്ണിൽ അത്ഭുതം ആയിരുന്നു.
എഴുന്നേറ്റ് നിന്ന് വാതിലിനു
നേരെ നടക്കുമ്പോൾ
വീണ്ടും കണ്ണാടിയിലേക്ക്
നോട്ടം പോയി. അപ്പോഴാണ്
അവളുടെ കുടുംബം
മലയിരുന്നത്. അല്ലെങ്കിലും
മക്കളെ മനസ്സിലാക്കുന്നു
ഉള്ളുതുറന്ന് സ്നേഹിക്കുന്ന
തന്റെ അച്ഛനും അമ്മയും
തന്റെ ഉള്ളിലെ സങ്കടം
മനസ്സിലാക്കാതിരിക്കുമോ.
എന്റെ കണ്ണിലേക്ക്
നോക്കിയാൽ ഉള്ളറിയുന്ന
തന്റെ കുടുംബം.
അച്ഛനും അമ്മക്കുമൊപ്പം
ഇരുന്ന് ചായകുടിക്കുമ്പോൾ
നേരത്തെ
തിരിഞ്ഞുനോക്കാതിരുന്ന
പരിഭവം മാറി ചങ്കിപ്പൂച്ച
തന്റെ കാലിൽ തൊട്ടുരുമ്മി
വന്നു. അച്ഛന്റെ തമാശക്ക്
എല്ലാം മറന്ന് ചിരിക്കുമ്പോൾ
ഞാൻ നേരത്തെ കണ്ട
കണ്ണാടിയിൽ കണ്ട അതേ
ചിത്രം ഞാൻ കൺമുന്നിൽ
കണ്ടു. ഉള്ളുനിറഞ്ഞ
സന്തോഷത്തോടെ
സമാധാനത്തോടെ
നിറചിരിയുമായി നിൽക്കുന്ന
തന്റെ കുടുംബം. ചില തുറന്ന
പറച്ചിലുകൾ ആവശ്യമില്ലാതെ
കണ്ണാടി പോലെ മനസ്സറിയുന്ന
മനുഷ്യന്മാർ തന്റെ കുടുംബം.
ഞാൻ വീണ്ടും ചിരിച്ചു കണ്ണാടി
പോലെ തെളിഞ്ഞ ചിരി.



**Anaswara CA**
1st year bsc zoology

# മായക്കണ്ണാടി

വെളിച്ചം പരക്കുന്നതിനു മുൻപ് തുടങ്ങിയ ഓട്ടമാണ്. ഇപ്പോഴാണ് ഒന്ന് ഒതുങ്ങിയത്. നീതു ചിന്തയിൽ മുഴുകി. ചുവന്ന നിറത്തിലുള്ള പോളോയിലാണ് യാത്ര. ആകാശത്ത് കാർമേഘം പതിയെ പതിയെ വിഴുങ്ങിക്കൊണ്ടിരിക്കുന്നു. 'മലയാളി വിഷൻ' പ്രധാന റിപ്പോർട്ടറാണ് നീതു വിജയി. "അവൻ ഇതുവരെ എനിക്ക് അയച്ച മെസ്സേജ് കണ്ടില്ല, എനിക്കില്ലാത്ത എന്ത് തിരക്കാണ് അവന്"! ചിന്തകൾ സംഭവത്തെ പിന്നിലാക്കി ഓടി മറഞ്ഞുകൊണ്ടിരുന്നു. പെട്ടെന്നാണ് കാർ ഒരു പുഴക്കു കുറുകെയുള്ള പാലത്തിനു മീതെ സഞ്ചരിച്ചുകൊണ്ടിരിക്കെ കറുത്ത് ഇരുണ്ട വഴിയിലെ ഇരുട്ട് ശ്രദ്ധിച്ചു തുടങ്ങിയത്. പെട്ടെന്നാണ് നീതു ചിന്തയിൽ നിന്നും ഉണർന്ന് സ്ഥലകാല ബോധം വീണ്ടെടുത്ത് അവൾ കാർ റോഡരികിലേക്ക് ഒതുക്കി നിർത്തി. പാലത്തിന്റെ കൈവരിയുടെ അടുത്ത് നിന്ന് പതിയെ വെള്ളത്തിലേക്ക് നോക്കി. ചുറ്റും ഇരുട്ടാണ്. അവിടെനിന്നും ഇവിടെനിന്നുമുള്ള വഴിവിളക്കുകളുടെ പ്രകാശം വെള്ളത്തിൽ പ്രതിഫലിക്കുന്നു. അപ്പോഴാണ് ഒരു കാഴ്ച ശ്രദ്ധയിൽപെട്ടത്. വെള്ളത്തിൽ അരപ്പൊക്കത്തിൽ പൊങ്ങിക്കിടക്കുന്ന ഒരു ബാഗ്. അത് കണ്ടതും അവളിലെ മാധ്യമ പ്രവർത്തക ഉണർന്നു. അവൾ പാലത്തിന്റെ സൈഡിലെ പടികെട്ടുകളിലൂടെ താഴേക്കിറങ്ങി. പതിയെ തന്റെ മൊബൈൽ ക്യാമറ ഓൺ ചെയ്തു. തനിക്ക് ഒരു ആത്മഹത്യയുടെ എക്സ്ക്ലൂസീവ് ന്യൂസ് ലഭിക്കാൻ പോവുകയാണെന്ന് അവൾ മനസ്സിലാക്കി. ഇരുട്ടിൽ കാൽ തടക്കി വീഴാതെ അവൾ പതിയെ ശ്രദ്ധയോടെ ഓരോ ചുവടുകളും മുന്നോട്ടുവെച്ചു. ചുറ്റുമുള്ള ശാന്തതയെ കീറിമുറിച്ചുകൊണ്ട് ഒരു പതഞ്ഞ സ്വരത്തിലുള്ള തേങ്ങൽ അവളുടെ ഇരു കാതുകളിലും പതിഞ്ഞു. കടത്തുവഞ്ചിയിൽ ചാരിയിരുന്നു



തേങ്ങുന്ന ഒരു യുവാവ്. അവരുടെ കാൽപെരുമാറ്റം കേട്ടുതന്നെ അവൻ ഞെട്ടിയുണർന്നു. മുഖത്ത് പരിഭ്രമം കണ്ടു.

അവരുടെ ഇടയിലെ ശാന്തത ഇല്ലാതാക്കാൻ അവൾ ആഗ്രഹിച്ചില്ല. അവൾ പതിയെ ആ യുവാവിന്റെ അടുത്തേക്ക് ചെന്ന് അയാളുടെ കൈകളിൽ പിടിച്ച് പതിയെ മുകളിലേക്ക് കൊണ്ടുപോകാൻ തുനിഞ്ഞു. അയാൾ അത് എതിർക്കാൻ തുനിഞ്ഞില്ല. അയാളുടെ മുഖത്ത് പ്രതിഫലിക്കുന്നുണ്ടായിരുന്ന അയാളുടെ മനസ്സിന്റെ വ്യാകുലത. പടവുകൾ കയറി രണ്ടുപേരും കൈവരിയിലൂടെ പതിയെ കാറിനടുത്തേക്ക് നീങ്ങി. അയാളുടെ മുഖം പോലെ തന്നെ ആകാശവും. അവൾ പതിയെ കാറിന്റെ മുൻവശത്തെ ഡോർ തുറന്നു കൊടുത്തു. അയാൾ ഏതോ കുറ്റാരോപിതനെ പോലെ അതിനകത്ത് ഒന്നുമിണ്ടാതെ കയറിയിരുന്നു. അവൾ ഡോർ അടച്ച് ഡ്രൈവിംഗ് സീറ്റിലേക്ക് നടന്ന് അതിൽ കയറി. അവൾ കാർ പതിയെ ചലിപ്പിച്ചു. "എൻ കണ്മണിയേ...!"
റേഡിയോ പതിഞ്ഞ സ്വരത്തിൽ ശബ്ദിച്ചുകൊണ്ടിരുന്നു.

അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. പണ്ട് ഇതേപോലെ അയാളുടെ അമ്മ പാട്ടുപാടി ഉറക്കിയിട്ടുണ്ടാവില്ലേ... അവൾ ചിന്തിച്ചു. രാത്രി തുറന്നു പ്രവർത്തിക്കുന്ന ഒരു ചായക്കടക്കു മുൻപിൽ വാഹനം നിർത്തി അവൾ പുറത്തിറങ്ങിയെന്ന് അയാളുടെ സൈഡിലെ ഡോറും തുറന്നു. അയാൾ പുറത്തിറങ്ങി ഒന്നും മിണ്ടാതെ അവളുടെ പിന്നാലെ നടന്നു. 2 ചായയും പറഞ്ഞ് രണ്ടുപേരും ശാന്തമായ ഒരു ടേബിളിൽ ചെന്നിരുന്നു. മൗനത്തെ മുറിച്ചുകൊണ്ട് അവൾ ചോദിച്ചു, "സാമ്പത്തികമായി എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ?" ഇല്ല എന്ന് അവൻ തലയാട്ടി. "ആരോഗ്യമില്ലാതെയാണോ എന്തെങ്കിലും പ്രശ്നമോ, പ്രേമനൈരാശ്യമോ വല്ലതും?" വിപരീതമായി അവൻ തലയാട്ടി. "പിന്നെ എന്തിനാണ് താൻ ആത്മഹത്യക്ക് ശ്രമിച്ചത്?" അവൾ രൂക്ഷമായി ചോദിച്ചു. അപ്പോൾ അവൻ അവളെ അടിമുടി നോക്കി. അയാളുടെ കഴുത്തിലെ ടാഗിലേക്ക് ഒന്ന് ഉറ്റുനോക്കിയിട്ട് അവളുടെ കണ്ണുകളിലേക്ക് നോക്കി, "ഞാൻ ആത്മഹത്യ ചെയ്യാനൊന്നും വന്നതല്ല...




# धरात

**Malavika kp**
1 st year BSC physics

सालों पहले एक सुन्दर श गाँव था। वहाँ सब एक दूसरे को बहुत प्यार करके अपना जीवन जीता था। सब दिल से अमीर <<s>लेकिन</s>> था।
एक दिन वहाँ कुछ बिशिनस करके लोगों आया था। उन लोगों ने वहाँ आकर गाँव के लोगों का दिल जीता।
यह लोग उनसे कहा की वह गाँववालों लेकिन दें सकते करे मदद करेगा। निरदोषी गाँववालों ने उनके बाद सच्चा माना।
ये व्यापार लोग पहले उनके गाँव के लिए कुआ बनाया जिससे इन लोगों के पानी ना होना का संकड कत्म हुआ।
पर धीरे धीरे इन लोगों ने गाँववालों से अपनी जमीन उनके नाम पर लिखने केलिए ज़बरदस्ती करी। गाँववालों ने उनके अंतिम ताकत पर लड़ी लेकिन ये लोग बहुत ताकत पर थी। वे अपन शक्तियों का गलत उपयोग करके इन्हे वहाँ से निकलवाने की कोशिश करने लगी।

जो भी उनके विरुद्ध खड़े खड़े हो इन लोगों उने पोलिस के मदद से जेल भेजता था या उनको मारता भी था। गाँववालों ने उने बहुत डरता था।
कई निरदोषी निरदोषी लोगों ने अपना जान भी लेती इन्हे थी।
गाँववालों का गोंदों को
ये लोग पूरी तरह से नष्ट करके वहाँ ऊंचे ऊंचे बिलडिंग बनाने लगा। इस बिलडिंग से निकलनेवाला मालिन पुरा वायु के वजह से छोटे छोटे बच्चों बीमार होने लगा।
गाँववालों किसी से शिकायत करे सारे पोलिस और बाँडीवालों इन लोगों की आंगों पर ज्वलंत है।
बच्चों का बीमार फैलना लगा और कुछ बच्चों मर भी गया।
उन बच्चों का धरात कोई नहीं कोझा।
पहले जो गाँव, लोगों की खुशी हसी और प्यार में जमकाता था अब वही गाँव धरात और दुख में जमकाता है।
और एक दिन वह शैतानी लोगों ने आकर यह बेचहरा लोगों को अपने घर से हि निकालकर उने सड़कों में छोड़ दिया।



# छात्रों पर सिनेमा का प्रभाव

**Nitha fathima**
BSC chemistry sec year

सिनेमा जो पहले मनोरंजन केलिए था। अब इस समाज में बहुत बड़ा स्थान है।
आज के समाज में के सिनेमा हमारे समाज में बहुत कुछ अच्छा और बुरा प्रभाव डाला है। हमारे समाज में जो कुछ भी होकर हो रहा है उसमें सिनेमा को कुछ न कुछ प्रभाव है। यह बच्चों में ज्यादा है। बच्चे जो कुछ देखत है उसे नकल करने कि कोशिश करता है। उन्हें मालूम नहीं कि वे गलत है या नहीं।
जैसे जो सिनेमा में लड़ाई होने है उसी तरह वे तक नकल करते है। डायलोग और उसमें रही हर चीजों को देखकर सीखने लगते है।
इस समाज के सिनेमा पुराने जमाने से बहुत अलग हो चुकी है। उसमें जैसे की वयलेंस और बहुत सारे लहरीयों का उपयोग दिखाया है। सिनेमा का मूल्य और मनोरंजन का महत्व पूरी तरह बदल चुकी है। यह सब हमारे आजकल के जमाने के बच्चों में बहुत बदलाव ला रहा है। धीरे-धीरे हमारे देखने से बदल के व्यवहार इन सब मालूम हुए बिना। लेकिन कुछ ऐसे सिनेमा भी है। सिनेमा परिवार के साथ देखने कि लायक भी नहीं है कुछ।
सिनेमा देखने का तरीका भी बहुत बदल चुकी है। पहले जो परिवार के साथ थियेटर में जाकर



# മുറിവുകൾ

അഖില പതിയപ്പടിക്കൽ

ഇരുട്ടിൽ ഒറ്റയ്ക്കിരുന്നാൽ മതി
എനിക്കിനി വെളിച്ചം കാണേണ്ട,
പകലിന്റെ വെളിച്ചമെൻ ചിത്തത്തെ
ഒരാണി കണക്കെ കുത്തി
വ്രണപ്പെടുത്തുന്നു.

ആരോട് ചൊല്ലും ഞാനെന്റെ ഈ
ആത്മസംഘർഷം,
പറഞ്ഞാലും കരഞ്ഞാലും പകലിനു
മുന്നിൽ പ്രതി ഞാൻ തന്നെ!


അറിയാതെയെങ്കിലും എന്നെ,
എന്റെ ഹൃദയത്തെ പൊള്ളിച്ച
കനലിന് നേരെ ഞാൻ കലുഷാമാം
വാക്കുകൾ
വർഷിച്ചാൽ, പകൽ 'അതിജീവിത'
ഞാൻ വേട്ടക്കാരൻ. ഇരട്ടനീതി!

പകലിനു മുറിവുണ്ടായാൽ
പതിനായിരം കൈകളുണ്ട്
മുറിവുണക്കാൻ, അവൾ പകലാണ്
സർവ്വചരാചരങ്ങൾക്കും
വെളിച്ചം പകരുന്നവൾ.

ശരിയാണ് പകൽ
ആദരിക്കപ്പെടേണ്ടവളാണ്,
ബഹുമാനമർഹിക്കുന്നവളാണ്
ഞാൻ നിഷേധിക്കുന്നില്ല.

എന്നെപ്പോലെ ആയിരങ്ങളിൽ
പത്തുപേർ പകലിനെ
നോവിക്കുന്നുണ്ട്. പക്ഷേ
അതിന് നിരപരാധികളാം
ഞങ്ങളോ ബലിയാടുകൾ?. പകൽ
വെളിച്ചത്തിന് നോവിക്കാനുള്ള
കണ്ടന്റുകൾ. പകൽ എന്ത് ദ്രോഹം
ചെയ്താലും അത് ചോദിക്കാൻ
ഇവിടെ ആരുമില്ല കാരണം അവൾ
പകലല്ലേ.

എനിക്കു വയ്യ! എന്റെ ദേഹമാകെ
ചുട്ടുപൊള്ളുന്നു. എനിക്ക് ശ്വാസം
മുട്ടുന്നു, എന്റെ ഹൃദയം പൊട്ടി
ചോരയൊഴുകുന്നു.
എനിക്ക് വയ്യ!
എനിക്ക് വയ്യ!
എനിക്കിനി ഇരുട്ട് മതി
ഇരുട്ട് മാത്രം.



മലയാളം ഉപന്യാസം

# വിഷയം: മാധ്യമങ്ങൾ: വിചാരണയും വിധിയും സത്യാനന്തര മാധ്യമ കാലം: ആശങ്കകൾ

ജനാധിപത്യത്തിന്റെ തൂണുകളിൽ ഒന്നായ മാധ്യമങ്ങൾ സമൂഹത്തിൽ ഒഴിച്ചുകൂടാനാകാത്ത പങ്കുവഹിക്കുന്നു. വാർത്തകൾ പങ്കുവെക്കുക എന്നതിന് അപ്പുറത്തേക്ക് മാധ്യമങ്ങൾ വഴിമാറുന്നു എന്നത് ഈ കാലത്ത് നമുക്ക് ദൃശ്യമാണ്. യാഥാർത്ഥ്യത്തിൽ മാധ്യമങ്ങൾ എന്തിനാണ്? നമുക്ക് ചുറ്റുമുള്ള ലോകത്തെ, അവിടെ സംഭവിക്കുന്ന കാര്യങ്ങളെ എല്ലാം നമുക്ക് മുന്നിൽ അവതരിപ്പിക്കുക, ജനങ്ങൾക്ക് തങ്ങളുടെ ചുറ്റും നടക്കുന്ന കാര്യങ്ങളെ പറ്റി ബോധം ഉണ്ടാക്കുക, ചോദ്യങ്ങൾ ചോദിക്കുക തുടങ്ങിയ നിഷ്പക്ഷമായ ഉത്തരങ്ങൾ ഇക്കാലത്ത് എത്രത്തോളം പ്രസക്തമാണ് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഏതൊരു വിഷയത്തേയും സംബന്ധിച്ച് പൊതുമധ്യത്തിൽ അഭിപ്രായങ്ങൾ രൂപപ്പെടുത്താൻ മാധ്യമങ്ങൾക്ക് കഴിയും എന്നിരിക്കെ, കുറച്ചു കാലമായി നമ്മുടെയുള്ളിൽ കിടക്കുന്ന ആ ചോദ്യത്തിന് പ്രസക്തിയേറുന്നു: 'മീഡിയ പറയുന്നതാണോ സത്യം? സത്യം പറയാൻ ആണോ മീഡിയ?' നാം ജീവിക്കുന്ന കാലഘട്ടം പണത്തിന് സ്ഥിരനിലനിൽക്കുന്ന അവസ്ഥയിലാണ് നിൽക്കുന്നത്. മാധ്യമങ്ങളും പണത്തിന് കീഴടങ്ങിയാൽ സത്യം നാമെങ്ങനെ അറിയും? സത്യാനന്തര കാലത്തെ മാധ്യമങ്ങളുടെ ഗതിയും വിധിയും ആശങ്കയോടെയേ വീക്ഷിക്കാനാവൂ. നവമാധ്യമങ്ങളുടെ ഈ കാലഘട്ടത്തിലും അച്ചടിമാധ്യമങ്ങളുടെ മൂല്യം നഷ്ടമായിട്ടില്ല. അച്ചടിച്ചുവരുന്ന വാർത്തകൾ മായ്ച്ചുകളയാൻ കഴിയില്ലെന്നതിനാൽ... അവ കൂടുതൽ വിശ്വസനീയമെന്ന് കരുതുന്നവരാണ് കൂടുതലും. മലയാള മനോരമ, മാതൃഭൂമി, മംഗളം, ദീപിക, ദേശാഭിമാനി തുടങ്ങി നിരവധി പത്രമാധ്യമങ്ങൾ മലയാളത്തിൽ ഇന്ന് ലഭ്യമാണ്. ടെലിവിഷൻ വാർത്താ മാധ്യമങ്ങൾക്കും പഞ്ഞമില്ല. മലയാളത്തിലെ ആദ്യത്തെ ടെലിവിഷൻ സ്വകാര്യ ചാനലായ ഏഷ്യാനെറ്റ്, മനോരമ ന്യൂസ്, മാതൃഭൂമി ന്യൂസ്, കൈരളി, മീഡിയ വൺ, 24, റിപ്പോർട്ടർ തുടങ്ങി ദൃശ്യമാധ്യമത്തിലും എണ്ണത്തിൽ കുറവില്ല. ഒരു മനുഷ്യൻ ശരാശരി പതിനെട്ട് മണിക്കൂർ എങ്കിലും ഉണർന്നിരിക്കുന്നുണ്ട്. ആ സമയത്ത് അവനെ




പിടിച്ചിരുത്തുന്ന കാര്യങ്ങൾ അവതരിപ്പിക്കുക എന്ന പ്രയാസമേറിയ ജോലിയാണ് മാധ്യമങ്ങൾ ചെയ്യുന്നത്. കൂടുതൽ ആളുകളിലേക്ക് എത്തുക, കൂടുതൽ ആളുകൾ കാണുന്ന ചാനലാവുക, വലിയ ബ്രേക്കിംഗുകൾ നൽകുക എന്നത് മാധ്യമങ്ങളുടെ ജോലി തന്നെ എന്നതിൽ സംശയമില്ല. എന്നാൽ വാർത്തകൾക്കായി എന്തുചെയ്യുന്ന തരത്തിലേക്ക് മാധ്യമങ്ങൾ അധഃപതിച്ചാലോ? സമീപകാലത്തെ കേരളത്തിലെ മാധ്യമങ്ങളുടെ സ്വഭാവം വളരെ വൈകൃതമാണെന്ന് പ്രത്യക്ഷത്തിൽത്തന്നെ മനസ്സിലാക്കാം. അവ സമൂഹത്തിന്റെ പൊതുവായ ചിന്തയെ പോലും സ്വാർത്ഥമായി സ്വാധീനിക്കുന്ന ഒന്നാണ്. വാർത്തയെ വിനോദാധിഷ്ഠിതമായ ഗിമ്മിക്കാക്കി മാറ്റുകയാണ് ഇന്നത്തെ മാധ്യമങ്ങൾ ചെയ്യുന്നത്. അർദ്ധസത്യങ്ങൾ പാതിവേവോടെ നാട്ടുകാർക്ക് കഴിക്കാൻ കൊടുക്കുകയാണ് മാധ്യമങ്ങൾ ഇപ്പോൾ നടത്തുന്നത്. അനാവശ്യമായ വിവാദങ്ങൾ സൃഷ്ടിക്കുകയും ജനങ്ങളെ കൂടുതൽ ആശങ്കാകുലരാക്കുകയും ചെയ്യുന്നുണ്ട് ഇന്നത്തെ പല വാർത്തകളും ചാനലുകളും. സമീപകാലത്തെ ചില ഉദാഹരണങ്ങൾ നോക്കാം. കേരളത്തെ ആകെ തകിടം മറിച്ച സംഭവമാണ് നടിയെ ആക്രമിച്ച കേസ് എന്നതിൽ തർക്കമില്ല. നടിയും സമൂഹത്തിൽ അറിയപ്പെടുന്ന ആളായതിനാലും ഉള്ള വാർത്താ പ്രാധാന്യം കൂടിട്ടാണ് മാധ്യമങ്ങളിൽ 'കേരളത്തെ ഞെട്ടിച്ചത്' എന്ന് വേണം കരുതാൻ. കാരണം കണക്കുകൾ പ്രകാരം ഇന്ത്യയിൽ ഓരോ സെക്കന്റിലും പെൺകുട്ടികൾ ആക്രമിക്കപ്പെടുന്നുണ്ട്. എന്തുകൊണ്ടാണ് ഓരോ സെക്കന്റിലും നമ്മളെ അവർ 'ഞെട്ടിക്കാത്തത്'? വാർത്ത ഒരു കച്ചവടമായി മാറിയിരിക്കുന്നു. റിപ്പോർട്ടിംഗുകളല്ല ഇന്നത്തെ വാർത്ത. അത് അവതരിപ്പിക്കുന്നയാളുടെയോ ചാനലിന്റെയോ താൽപര്യങ്ങളുടെ അവതരണമാകുന്നു. പ്രസ്തുത കേസിൽത്തന്നെ കോടതി വിധിക്കുന്നതിന് അപ്പുറം മാധ്യമങ്ങളാണ് പൊതുമധ്യത്തിൽ വിധിനിർണ്ണയം നടത്തിയിരിക്കുന്നത് എന്ന് കാണാം. നിയമം അനുസരിച്ച് ഒരാൾ കുറ്റക്കാരൻ ആകുന്നത് കോടതി അയാളെ കുറ്റക്കാരനെന്ന് കണ്ടെത്തി വിധിക്കുമ്പോഴാണ്. അതുവരെയും അവർ കുറ്റാരോപിതനാണ്. എന്നാൽ ഇന്നത്തെ മാധ്യമങ്ങൾക്ക് അങ്ങനെയൊരു വാക്ക് മലയാളത്തിൽ ഉള്ളതായി അറിയില്ലെന്ന് തോന്നിപ്പോകും. സംശയിക്കപ്പെടുന്ന പ്രതി -






പ്രതി - എന്നവർ വിളി കൂട്ടുകയും അന്തിച്ചർച്ചയിലും അവതരണ വേളയിലും വാദം പൂർത്തീകരിച്ച് വിധിനിർണ്ണയിക്കുകയും ചെയ്യുന്നു.

മാധ്യമങ്ങളുടെ മര്യാദകൾ

ഏതൊരു പൗരനും സ്വതന്ത്രമായി നടക്കാനും അഭിപ്രായം പ്രകടിപ്പിക്കാനും ജോലിചെയ്യാനുമുള്ള സ്വാതന്ത്ര്യം സ്റ്റേറ്റ് നമുക്ക് ഉറപ്പ് നൽകുന്നുണ്ട്. മാധ്യമങ്ങൾ അന്തരം വ്യക്തിസ്വാതന്ത്ര്യത്തിന് എന്തുവിലയാണ് നൽകുന്നത്? എവിടേയും ഇടിച്ചുകയറാം, എന്തുവേണമെങ്കിലും മൈക്ക് നീട്ടാം, എന്ത് അസഭ്യവും ചോദിക്കാം, ആരുടെ ഏതുതരം ദൃശ്യവും പകർത്തി എന്ന് നിലയിലേക്ക് നവമാധ്യമങ്ങൾ അധഃപതിച്ചിരിക്കുന്നു! അതിനെതിരെ ബോധവാന്മാരായ ഒരു പ്രബുദ്ധ ജനത കേരളത്തിൽ രൂപപ്പെടുന്നുണ്ട് എന്നത് സന്തോഷം നൽകുന്ന കാര്യമാണ്. മരണ വീടുകളിൽപോലും മൈക്കും ക്യാമറയും കൊണ്ടുതള്ളി ചോദ്യങ്ങൾ ചോദിക്കുന്നതും ചോദ്യമില്ലാത്ത മാധ്യമങ്ങൾ ഒരു വിപത്താണ്. ആ വിപത്താണ് ആ ക്യാമറയും മൈക്കും വിസ്താരത്തിന്റെ തത്സമയ കാഴ്ചയായും നാലാൾ അറിയേണ്ട അസത്യം കൂട്ടിച്ചേർക്കുന്നവർ. വാർത്തകൾ അതിന്റേതായ അതിരിൽ ആകേണ്ടതെന്നിരിക്കെ വാർത്തകളെ സ്വന്തം നേട്ടങ്ങൾക്കായും ലാഭത്തിനായും ഉപയോഗിച്ച് സ്വകാര്യതയിലേക്ക് ഒഴിച്ചുകൂടാനാവാത്ത വിധം ഒരു അധികാരവുമില്ലാതെ മാധ്യമങ്ങൾ കടന്നുകയറുന്നു.

മാധ്യമങ്ങളുടെ വിചാരണകൾ

മാധ്യമ വിചാരണകളിൽ കോടതിമുറി പ്രതിക്കൂട്ടാകുമെന്നിരിക്കെ 'ജനകീയ കോടതി' എന്ന പേരിട്ട് അവതരിപ്പിച്ചത് ഇൻവെസ്റ്റിഗേഷൻ ന്യൂസ് വാർത്തകളെ അപേക്ഷിച്ച് അതിന്റെ ഉള്ളടക്കത്തിൽ പൂർണ്ണ വിനോദമാക്കി മാറ്റിയ ചാനലാണ് ഏഷ്യാനെറ്റ്. അതിനെ വിമർശിച്ചുകൊണ്ട് റിപ്പോർട്ടർ ചാനൽ റീല് ചെയ്തത് 'ട്രെൻഡിംഗ് ന്യൂസ്' എന്ന പരിപാടിയിലൂടെ ചാനലുകളിലെ ചർച്ച നേതാക്കളുടെ കെട്ടിമറിച്ചിലുകൾ തുടങ്ങി വിഡിയോകൾ ന്യൂസിൽ നൽകുന്നതും ഒരു ഓൺലൈൻ പ്ലാറ്റ്ഫോം എന്ന പരിപാടിയിലും ഇതുപോലെ പ്രത്യക്ഷ ആളുകളെ വിചാരണ ചെയ്ത് സമർപ്പിക്കുന്ന പ്രസംഗങ്ങൾ കാണുന്നതിനേക്കാൾ അപഹാസ്യമായിട്ടുള്ളതാണ്. ന്യൂസ് റൂമുകൾ ആളുകളെ വിചാരണ ചെയ്ത് തടവിലിടാനുള്ള ചർച്ചാവിഷയങ്ങളാക്കി മാറ്റുന്നത് ജനാധിപത്യത്തിന് ചേർന്നതല്ല. വലിയ വലിയ വാർത്തകൾ, ലഹരിയിലെ ഒടുവും വലിയ ജനാധിപത്യത്തിന്റെ വലിയ സ്വാതന്ത്ര്യത്തിന്റെ ലജ്ജ സൂചനകൾ നൽകി 152!






# മാറ്റൊലി

ഓരോ കോളേജിനും പറയാൻ ഏറെ കഥകളുണ്ട്. ചിലത് ക്ലാസ് മുറികളിൽ പിറക്കും, ചിലത് ഇടനാഴികളിൽ വളരും, ചിലത് വേദികളിൽ പാട്ടായും കവിതയായും മുദ്രാവാക്യമായും ഉയരും. ചിലത് ആഘോഷങ്ങളുടെ നിറങ്ങളിൽ തെളിയും, ചിലത് സൗഹൃദത്തിന്റെ ചിരികളിൽ ഒളിഞ്ഞിരിക്കും. അങ്ങനെ നമ്മുടെ കലാലയജീവിതത്തിൽ പിറന്ന അനേകം ശബ്ദങ്ങളുടെയും കാഴ്ചകളുടെയും ഓർമ്മകളുടെയും മാറ്റൊലിയാണ് ഈ മാഗസിൻ.

ഒരു വർഷം എന്നത് കലണ്ടറിലെ കുറച്ച് താളുകൾ മാത്രമല്ല. ഒരുമിച്ച് നടന്ന വഴികളും, പങ്കിട്ട ചിരികളും, വേദികളിൽ നിറഞ്ഞ കലയും, ആഘോഷങ്ങളുടെ ആവേശവും, ചോദ്യങ്ങളുയർത്തിയ നിമിഷങ്ങളും, നിലപാടുകളായി മാറിയ ചിന്തകളും, നമ്മളെ നമ്മളാക്കിയ എണ്ണമറ്റ അനുഭവങ്ങളുമാണ്. അവയിൽ ചിലത് ഈ താളുകളിൽ അക്ഷരങ്ങളായി, ചിലത് ചിത്രങ്ങളായി, ചിലത് ഓർമ്മകളായി ഇടം നേടിയിരിക്കുന്നു.




ഇവിടെ പതിഞ്ഞ ഓരോ
മുഖത്തിനും ഒരു കഥയുണ്ട്.
ഓരോ ചിത്രത്തിനും
പിന്നിൽ ഒരു നിമിഷമുണ്ട്.
ഓരോ വാക്കിനും
പിന്നിൽ ഒരു ചിന്തയുണ്ട്.
ഒരുപക്ഷേ, ഇന്ന് നമുക്ക്
സാധാരണയായി തോന്നുന്ന
ഈ നിമിഷങ്ങളായിരിക്കും
നാളെ ഏറ്റവും പ്രിയപ്പെട്ട
ഓർമ്മകളായി തിരികെ
വരുന്നത്. കാലം നമ്മളെ
പല വഴികളിലേക്ക്
കൊണ്ടുപോയാലും, ഈ
കോളേജിൽ നമ്മൾ ഒരുമിച്ച്
ജീവിച്ച കാലത്തിന്റെ ശബ്ദം
ഇവിടെ ശേഷിക്കും.

നമ്മൾ പാടിയ പാട്ടുകളുടെ
ഈണം പോലെ,
നമ്മൾ പങ്കിട്ട
സൗഹൃദങ്ങളുടെ
ചൂടുപോലെ,
നമ്മൾ ഉയർത്തിയ
ശബ്ദങ്ങളുടെ
കരുത്തുപോലെ,
നമ്മുടെ സ്വപ്നങ്ങളുടെ
പ്രതീക്ഷ പോലെ—
ഈ “മാറ്റൊലി”
തുടർന്നുകൊണ്ടേയിരിക്കും.

ഇത് ഒരു മാഗസിൻ മാത്രമല്ല;
നമ്മൾ കടന്നുപോയ ഒരു
കാലത്തിന്റെ രേഖയാണ്.
നമ്മൾ ജീവിച്ച  ശബ്ദമാണ്.
നമ്മൾ ഒരുമിച്ച് എഴുതിയ
കഥയുടെ അവസാന
താളാണ്.

പക്ഷേ കഥ ഇവിടെ
അവസാനിക്കുന്നില്ല...
താളുകൾ അവസാനിച്ചാലും,
ഓർമ്മകൾ അവസാനിക്കില്ല.
ശബ്ദങ്ങൾ അകലെയായാലും,
അവയുടെ മാറ്റൊലി എന്നും
ഇവിടെ ഉണ്ടാകും.

“മാറ്റൊലി”
കേട്ടുതീർന്ന ശബ്ദമല്ല,
ഓർമ്മകളിൽ എന്നും
മുഴങ്ങിക്കൊണ്ടിരിക്കുന്ന
ഒരു പ്രതിധ്വനി.